# <u>*വിചാരവേദിയിൽ*</u>

# <u>*(ഞാൻ) പറഞ്ഞതും പറയാത്തതും*</u>

***(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc., Ph.D.)***

തകഴിയുടെ 100–ാം ജന്മവാർഷികം ആഘോഷിക്കുന്ന അവസരത്തിൽ മലയാളഭാഷയെ ലോകസാഹിത്യവേദിയിൽ വെള്ളിവെളിച്ചത്തിലെത്തിച്ച "ചെമ്മീൻ" എന്ന കൃതിയെക്കുറിച്ചാണ് ഞാൻ സംസാരിച്ചത്. എല്ലാവർക്കും അറിയാവുന്ന കഥയേയും സിനിമയേയും കുറിച്ച് കൂടുതൽ എന്തു പറയാൻ?

ഹാർപ്പർ, ന്യൂ യോർക്ക്, പ്രസിദ്ധീകരിച്ച "ചെമ്മീനി"ന്റെ ഇംഗ്ലീഷ് തർജ്ജമ നിർവ്വഹിച്ചത് ഡോക്ടർ വി. കെ. നാരായണമേനോനാണ്; ന്യൂ യോർക്ക് ടൈംസിൽ 1962ൽ പ്രത്യക്ഷപ്പെട്ട പുസ്തകാഭിപ്രായം എഴുതിയത് കെ. നട്‌വർ സിങ്ങും. രണ്ടുപേരും പ്രഗത്ഭർ: തൃശൂർ സ്വദേശിയായ നാരായണമേനോൻ ഓൾ ഇന്ത്യാ റേഡിയോവിന്റെ ഡെപ്യൂട്ടി ഡയറക്ടറായും നാഷണൽ സെന്റർ ഫോർ പെർഫോമിങ് ആർട്സിന്റെ മേധാവിയായും പ്രവർത്തിച്ചിട്ടുണ്ട്. ശെമ്മങ്കുടിക്ക് ശാസ്ത്രീയ സംഗീതത്തിനു ഒന്നാം കാളിദാസ് സമ്മാനം (1980), പുതുക്കിപ്പണിത ബോംബേയിലെ ടാറ്റാ തിയേറ്ററിൽ വെച്ച് കൊടുക്കുന്ന അവസരത്തിലാണ് ഞാൻ നാരായണമേനോനെ അവസാനമായി, കച്ചേരിക്കു മുമ്പുള്ള ആശംസാവേളയിൽ, കേട്ടത്. ടാഗോറിന്റെ സഹോദരപുത്രിയേയാണ് അദ്ദേഹം വേട്ടതെന്നു മേനി കൂട്ടാൻ ചേർക്കാം. "ഡെവെലെപ്മെന്റ് ഓഫ് വില്യം ബട്ലർ യേറ്റ്സ്" എന്ന അദ്ദേഹത്തിന്റെ കൃതിയെ ഇ. എം. ഫോസ്റ്റർ പ്രശംസിച്ചിട്ടുണ്ട്. തർജ്ജമയുടെ ആധികാരികത ആരും ചോദ്യം ചെയ്യുകയുണ്ടായില്ല. നട്‌വർ സിങ്ങിന്റെ ആംഗ്ലേയ ജ്ഞാനവും സുവിദിതമാണ്. "ടെയിൽസ് ഫ്രം മോഡേൺ ഇൻഡ്യ" (ന്യൂ യോർക്ക്, 1966) എന്ന സിങ്ങിന്റെ കൃതിയിലെ പന്ത്രണ്ടു കഥകളിലൊന്ന് തകഴിയുടേതായിരുന്നു – ടാഗോർ, ആർ.കെ. നാരായൻ, രാജാ റാവു തുടങ്ങിയവരുടെ കൂട്ടത്തിൽ മലയാളത്തിനു പ്രാതിനിധ്യവും.

രണ്ടു വസ്തുതകൾ ചിന്തനീയം: ആധുനിക മലയാളസാഹിത്യം അതുവരെ ലോകശ്രദ്ധയിൽ പെട്ടിരുന്നില്ല. "ഇന്ത്യയിലേയും അറേബിയായിലേയും മുഴുവൻ സാഹിത്യത്തേയും വെല്ലാൻ ഇംഗ്ലീഷു പുസ്തകങ്ങളുടെ ഒരു അലമാര മാത്രം മതിയാകും" എന്ന മെക്കാളി പ്രഭുവിന്റെ അജ്ഞതയുടെ സന്തതി ഒന്നര നൂറ്റാണ്ടുമുമ്പേ ലോകാഭിപ്രായത്തിൽ വിഷം കലർത്തിയിരുന്നു. മറുവശത്ത്, ഇന്ത്യയിൽ ബെങ്കാളിൽ മാത്രമേ സാഹിത്യമുള്ളൂയെന്ന ശരാശരി ഭാരതീയന്റെ വിശ്വാസം (ഒരു ബെങ്കാളി നോവലിന്റേയെങ്കിലും തർജ്ജമയില്ലാത്ത മാതൃഭൂമിയുടെ പഴയ ലക്കം നിങ്ങൾക്കു ഓർക്കാനാകുമോ? ടാഗോറിന്റെ നോബൽ സമ്മാനം ആ അന്ധവിശ്വാസത്തിനു ഊക്കുകൂട്ടിയെന്നു മാത്രം! ഇന്നത്തെ അവസ്ഥ നോക്കുക.

ഉലകം പോയ പോക്ക്!). ഇത്തരം വസ്തുതകളുടെ വെളിച്ചത്തിലായിരിക്കണം നാരായണ മേനോന്റെ “ചെമ്മീൻ” തർജ്ജമയെ നോക്കിക്കാണാൻ.

“ചെമ്മീൻ” പ്രധാനമായും അവിഷ്കരിക്കുന്നതെന്ത്? മുക്കുവരുടെ ജീവിതരീതിയും പാരമ്പര്യവും വിശ്വാസപ്രമാണവും ഉത്സവവും; മുക്കുവജീവിതത്തിന്റെ താളവും താളപ്പിഴയും അഭിലാഷവും ആവേശവും അസൂയയും ആർത്തിയും അത്യാർത്തിയും; അവരുടെ തലവരും, തലവരിയും, തലവരയും! ജീവിതത്തിന്റെ സമഗ്രമായ പ്രതിപാദനം നെടുംനീളത്തിൽ – പ്രണയകഥകൊണ്ട് ഊടും പാവും; കറുത്തമ്മയും പരീക്കുട്ടിയും ചെമ്പൻകുഞ്ഞും പളനിയും കലർന്ന നെയ്ത്തുവേല. ശോകപര്യവസായിയായ കഥയിൽ മഹദ്സാഹിത്യത്തിന്റെ ചേരുവ. സർവ്വോപരി, കരയിൽ കാത്തിരിക്കുന്ന പെണ്ണു നൽകുന്ന ആത്മവിശ്വാസത്തിന്റെ വിശുദ്ധ മത്സ്യബന്ധനം; പിഴച്ച പെണ്ണ് തൊടുക്കുന്ന ചാരിത്രദംശനത്തരംഗം വലിച്ചിഴയ്ക്കുന്ന സ്രാവുകളായി മാറുന്ന ചൊൽക്കാഴ്ച – തകഴിയെ ഗാഢമായി സ്പർശിച്ച മിത്തിന്റെ സൂക്ഷ്മമായ ദൃശ്യവല്ക്കരണം. മലയാളിയുടെ കൊട്ടിഘോഷത്തിനു 1956ൽ പ്രസിഡണ്ടിന്റെ അംഗീകാരം.

പോരാഞ്ഞ്, രാമു കാര്യാട്ട് ചലച്ചിത്രമാദ്ധ്യമത്തിലൂടെ അനശ്വരമാക്കിയ “ചെമ്മീൻ” ജനഹൃദയങ്ങളെ കീഴടക്കി – മലയാളിക്ക് പറഞ്ഞിട്ടും പറഞ്ഞിട്ടും മതിവരാത്ത അഭിമാനം; 1965ലെ ദേശീയാംഗീകാരം. ചലച്ചിത്രം നോവലിനെ അതിജീവിച്ചുവെന്ന അടക്കംപറച്ചിൽ.

തകഴിക്ക് തൃശൂരുമായി അബോധതലത്തിൽ അദൃശ്യബന്ധമുള്ളപോലെ – നാരായണമേനോനും രാമു കാര്യാട്ടും ജനനംകൊണ്ട് തദ്ദേശർ; കൂടാതെ, മുണ്ടശ്ശേരിയെ കാണാൻ കൂടെക്കൂടെയുള്ള വരവും.

സാഹിത്യം സിനിമയാകുന്ന ഉദാഹരണങ്ങൾ അനവധി. സിനിമ സാഹിത്യമാകുന്ന അവസരം കുറവ്. “ചെമ്മീൻ” എന്ന സാഹിത്യ-സിനിമകളുടെ സ്വാധീനത്തിൽനിന്നും ജനിച്ച എന്റെ ഒരു കവിതയുടെ ലിങ്ക് (മരയ്ക്കാന്റെ ദൈവം!) ഇതാ:

https://docs.google.com/open?id=0B9VYUBiyoQY1aXk4YkdtLUhUeDQ

**വാൽക്കഷണം:** യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ച ശ്രീ. തമ്പി, തകഴി, വയലാർ തുടങ്ങിയ പ്രഗത്ഭർ, മദ്യലഹരിയിൽ, വേദികളെ അലങ്കരിക്കുന്നതിനു പകരം, അലങ്കോലപ്പെടുത്തുന്ന സന്ദർഭങ്ങൾക്കു സാക്ഷ്യം വഹിച്ചിട്ടുണ്ടെന്നു സൂചിപ്പിച്ചാണ് തന്റെ ആമുഖം തുടങ്ങിവെച്ചത്. ഇതിലൊരാൾ അതിഥിയായി സംബന്ധിച്ച യോഗം, മദ്യലഹരിയിൽ, നടപടിക്രമങ്ങളൊന്നും തുടരാനാവാതെ, പണ്ടത്തെ ബോംബെയിൽ, പിരിച്ചുവിട്ടതിനു ഞാൻ സാക്ഷിയാണ്.

**ഗുണപാഠം:** കലാകാരന്മാരും സാഹിത്യകാരന്മാരും അതിഥികളായെത്തുന്ന അവസരങ്ങളിൽ അവർക്കുള്ള സല്ക്കാരങ്ങൾ യോഗശേഷം മാത്രം മതിയെന്ന് സംഘാടകർ നിശ്ചയിക്കുക!.

**************************************************************************************